**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച് ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | 291/M/(Ele)/VIP/RL/2021 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇടമലയാർ ബാങ്കിന്റെ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (സി) | വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തുടർ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനു വേണ്ടി സർക്കാർ എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | ഇടമലയാർ റിസർവോയർ വനം മേഖലയ്ക്കുള്ളിലാണെന്ന് കാരണം കാണിച്ച് വനം വകുപ്പ് തടസ്സവാദം ഉന്നയിച്ചതിനാൽ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ഇ) | ഇടമലയാറിൽ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് ആദ്യഘട്ടമായി ഗാർഡനിംഗ്, ബട്ടർഫ്ലൈ പാർക്ക് എന്നിവയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (ഇ) | പരിശോധിച്ചിട്ടുണ്ട്. |
| (എഫ്) | കോതമംഗലം മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട് അടക്കമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്ന സ്വദേശീയരും വിദേശീയരുമായ വിനോദ സഞ്ചാരികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | വനം വകുപ്പുമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ